MR. P. S. MAHOMED (*Nominated*): കാരണം എന്തുതന്നെ ആയിരുന്നാലും കുടിയാന്മാർക്കു സൌകര്യമായതുകൊണ്ടു പൊളിച്ചെഴുത്തവകാശം ആണ്ടുതോറും കൊടുത്തുകൊള്ളാമെന്നു സമ്മതിച്ചു പിന്നീടു ജന്മിക്കു കൊടുക്കേണ്ട ആദായം കുറച്ചുകൊടുക്കാമെന്നു വിചാരിക്കുന്നതു് ഒട്ടും മര്യാദയല്ല.

MR. S. KRISHNA PILLAI (*Karunagapalli*): ബില്ലിലെ വ്യവസ്ഥയനുസരിച്ചു ഫ 2 കൊല്ലം കഴിഞ്ഞശേഷം കൊടുക്കേണ്ടതായ തുക അംശങ്ങളായി ഭാഗിച്ചുകൊടുക്കയും, അതു ആണ്ടവസാനത്തിൽ കടിഞ്ഞിഖയായിവന്നാൽ അതിനു പലിശ കൂട്ടുകയും ചെയ്യുന്നതായി അറിയാമൊ?

MR. P. S. MAHOMED (*Nominated*): ഇങ്ങനെ ചെയ്യുന്നതു ജന്മിമാരുടെ ആവശ്യപ്രകാരമല്ലെന്നും, നേരെമറിച്ചു കുടിയാന്മാരുടെ ഗുണത്തിനുവേണ്ടി ജന്മിമാർ സ്വീകരിച്ചതാണെന്നുംകൂടി ഓർക്കണം.

MR. S. KRISHNA PILLAI (*Karunagapalli*): ജന്മിക്കരം കുടിഞ്ഞിഖയായി വന്നാൽ അതിലേക്കു പലിശകൊടുക്കേണ്ടിവരികയില്ലെന്നാണൊ മെമ്പർ വിചാരിക്കുന്നതു്?

MR. P. S. MAHOMED (*Nominated*): ഏതു രീതിയിൽ അവരിൽനിന്നും പലിശ വാങ്ങിക്കുന്നുവൊ ആ രീതിയിൽ അവർക്കും പലിശ കൊടുക്കണം.

MR. S. KRISHNA PILLAI (*Karunagapalli*): എത്രശതമാനമാണു്?

MR. P. S. MAHOMED (*Nominated*): അതിലേക്കുള്ള അവസരം വരുമ്പോൾ പറയാം.

MR. S. KRISHNA PILLAI (*Karunagapalli*): ഇപ്പോൾ പറയേണ്ട അവസരമാണു്.

MR. P. S. MAHOMED (*Nominated*): മൂന്നരശതമാനം വയ്ക്കുക.

MR. S. KRISHNA PILLAI (*Karunagapalli*): ജന്മി കുടിയാനവനു മൂന്നരശതമാനം കൊടുത്താൽ മതിയൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MAHOMED (*Nominated*) : അതുകൊണ്ടു മതിയാക്കണം.

MR. S. KRISHNA PILLAI (*Karunagapalli*): റവന്യൂറിക്കവറി റഗ്ലേഷനനുസരിച്ചു കുടിശ്ശിക സർക്കാരിൽനിന്നും ഈടാക്കുമ്പോൾ ഗവണ്മെൻറ് എന്തു പലിശ ചുമത്തും?

MR. P. S. MAHOMED (*Nominated*): സർക്കാരിൽനിന്നു എന്തുപലിശ ചുമത്തിയാലും ശരി അതിനെപ്പറ്റി അന്വേഷിക്കേണ്ട ആവശ്യമില്ല.

MR. S. KRISHNA PILLAI (*Karunagapalli*): റവന്യൂറിക്കവറി റഗ്ലേഷൻപ്രകാരം കുടിശ്ശിക ഈടാക്കേണ്ടതായി വരുമെന്നറിയാമൊ?

MR. P. S. MAHOMED (*Nominated*): വേണ്ടിവരുമായിരിക്കാം.

MR. S. KRISHNA PILLAI (*Karunagapalli*): അങ്ങനെവരുമ്പോൾ കുടിശ്ശികക്കുള്ള പലിശയുടെ നിരക്കു എത്രശതമാനമായിരിക്കണം?

MR. P. S. MAHOMED (*Nominated*): ഒൻപതു ശതമാനം ആയിരിക്കണമെന്നു പറഞ്ഞിട്ടുണ്ട്.

MR. S. KRISHNA PILLAI (*Karunagapalli*) : അതുയും പലിശ ജന്മിമാക്കു കൊടുക്കണൊ?

MR. P. S. MAHOMED (*Nominated*): ജന്മിമാക്കു അതു കൊടുക്കണം. അതു അവക്കു ചെല്ലേണ്ടതും കുടിയാനു കൊടുക്കുന്നതിനു ബാദ്ധ്യതയുള്ളതുമായ പണമാണു്. അതു സമയത്തു കൊടുത്തില്ലെങ്കിൽ കൂടുതൽ പലിശ കൊടുക്കുകതന്നെവേണം. എന്നാൽ ഇതു അവർ അവശ്യപ്പെടാതെ അവരെ ഏൽപ്പിക്കുന്ന പണമാണു്. അതിനു കൂടുതൽ പലിശ ചോദിക്കാൻ പാടില്ല.

MR. S. KRISHNA PILLAI (*Karunagapalli*): അവശ്യത്തിൻെറ ക്രമമനുസരിച്ചു പലിശകൂട്ടുകയും കുറക്കുകയും ചെയ്യാമെന്നാണൊ മെംബർ അഭിപ്രായപ്പെടുന്നതു്?

MR. P. S. MAHOMED (*Nominated*) : എനിക്കു പണം അവശ്യമില്ല എന്നു പറയുന്ന സന്ദർഭത്തിൽ എനിക്കു പണം തന്നു കൂടുതൽ പലിശ വേണമെന്നു ചോദിക്കാൻപാടില്ല. എന്നാൽ ഞാൻ കൊടുക്കേണ്ടപണത്തിനു നിങ്ങൾപറയുന്നപലിശ ഞാൻ കൊടുക്കുകതന്നെവേണം

MR. S. KRISHNA PILLAI (*Karunagapalli*): ഒരുകൊല്ലത്തെ കാലാവധി വച്ചുള്ള ഫിക്സെഡ്ഡിപ്പാസിറിനു സ്റ്റേറ്റ എയിഡഡ് ബാങ്കിൽ പലിശനിരക്കു് എന്താണെന്നറിയാമൊ?

MR. P. S. MAHOMED (*Nominated*) : സ്റ്റേറ്റ് എയിഡഡ് ബാങ്കുമായി എനിക്കു വലിയഏർപ്പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KRISHNA PILLAI (*Karunagapalli*) : ഞാൻ ഇൻഫർമേഷൻ അറിയാൻ ചോദിക്കുകയാണു്. ജന്മിമാരും കുടിയാൻമാരുമായി മെംബർക്കു വല്ല ബന്ധവുമുണ്ടായിട്ടാണൊ പലിശനിരക്കിനെപ്പററി പ്രതിപാദിക്കുന്നതു്?

MR. P. S. MAHOMED (*Nominated*) : മറെറാരുത്തമൻറെ ഹിതത്തിനു വിപരീതമായി പണംകൊടുത്തിട്ടു അയാളിൽനിന്നും പലിശ വാങ്ങിക്കാൻ പാടില്ല.

MR. S. KRISHNA PILLAI (*Karunagapalli*) : അപ്പോൾ ഈ ഭേദഗതി ജന്മിമാർക്കു ആവശ്യമില്ലെന്നാണൊ മെംബർ പറയുന്നതു്?

MR. P. S. MAHOMED (*Nominated*) : അങ്ങനെ ജന്മിമെമ്പർമാർതന്നെ ഏകാഭിപ്രായമായി പറഞ്ഞിട്ടുണ്ടു്. അതു അവർ നിഷേധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

MR. S. KRISHNA PILLAI (*Karunagapalli*) : ഇപ്പോഴുള്ള അമൻറുമെൻറു കുടിയാന്മാരുടെ ആവശ്യത്തിനുമാത്രമാണെന്നും ജന്മിമാക്കു അതാവശ്യമില്ലെന്നുമാണൊ മെംബർവിചാരിക്കുന്നതു്?

MR. P. S. MAHOMED (*Nominated*): പന്ത്രണ്ടുകൊല്ലം കഴിഞ്ഞുകിട്ടേണ്ടസംഖ്യ.....

MR. S. KRISHNA PILLAI (*Karunagapalli*) : മെംബർ ചോദിക്കുന്നതിനു സമാധാനം പറഞ്ഞാൽമതി.

MR. P. S. MAHOMED (*Nominated*) : ചോദിക്കുന്നതിനെല്ലാം സമാധാനം പറയണമെന്നു നിർബന്ധമില്ല.

MR. S. KRISHNA PILLAI (*Karunagapalli*): സമ്മതമില്ലെങ്കിൽ പറയേണ്ട; പറയാൻ തയ്യാറായിരുന്നതുകൊണ്ടാണു ചോദിച്ചതു്. ഈ അമൻറുമെൻറുകളെല്ലാം കുടിയാന്മാക്കുമാത്രം ആവശ്യമുള്ളതാണെന്നാണൊ മെംബർ വിചാരിക്കുന്നതു്?

MR. P. S. MAHOMED (*Nominated*) : അമൻറുമെൻറു പൊതുവെ കൊണ്ടുവന്നിട്ടുള്ളതു കുടിയാന്മാരുടെ ആവശ്യവും, കുടിയാന്മാരുമായി ഇനിയെങ്കിലും യോജിച്ചു കഴിഞ്ഞുകൊണ്ടുപോകണമെന്നുള്ള ജന്മിമാരുടെ മനസ്ഥിതിയും, രണ്ടുകൂട്ടരുടെയും വിഷമങ്ങൾ ശമിക്കണമെന്നുള്ള ഗവണ്മെൻറിൻറെ താല്പര്യവും അനുസരിച്ചാണു്.

MR. K. KUNJUKRISHNA PILLAI (*Quilon*): May I know who is in possession of the House?

PRESIDENT: Mr. P. S. Mahomed.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ഈ റഗുലേഷൻ പാസാക്കുന്ന തീയതിമുതൽ ജന്മിഭോഗത്തിനു മേലാൽ പലിശകൊടുക്കേണ്ടിവരാതിരിക്കത്തക്കവണ്ണമുള്ള രീതിയിൽ അല്ലെ ഈ ബില്ല് ശുപീകരിച്ചിട്ടുള്ളത്?

MR. P. S. MAHOMED (*Nominated*) : അങ്ങനെയുള്ള ഉദ്ദേശവും ഉണ്ടായിരുന്നു.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : പിരിവുജോലി ഗവണ്മെൻറ് ഏറ്റാൽ പിന്നെ കുടിയാനവൻ പലിശകൊടുക്കേണ്ടതായി വരുമൊ?

MR. P. S. MAHOMED (*Nominated*): വരികയില്ല.

MR. TARIATU KUNJITOMMAN (*Commerce and Industry, North*) : ഗവണ്മെൻറു കരത്തിൽ കുടിശ്ശികവന്നാൽ അതിനു പലിശ ഈടാക്കാറില്ലെ?

MR. P. S. MAHOMED (*Nominated*) : എനിക്കറിഞ്ഞുകൂടാ.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*) : കുടിയാന്മാരുടെ ആവശ്യപ്രകാരമാണെങ്കിലും, പൊളിച്ചെഴുത്തവകാശം അതാതുകൊല്ലത്തിൽ കൊടുക്കണമെന്നവയ്ക്കയും, റവന്യൂറിക്കവറിറഗുലേഷൻ അനുസരിച്ചു കരം പിരിക്കുന്നതിനു വേണ്ട വ്യവസ്ഥവയ്ക്കയും ചെയ്തതിനുശേഷം, പൊളിച്ചെഴുത്തവകാശത്തിനു പലിശ ശരിയായിതന്നില്ലെങ്കിൽ ഫസൽ കൊല്ലംകഴിഞ്ഞു ആ അവകാശം തന്നകൊള്ളാമെന്നു പറഞ്ഞാൽ അതു സാധുവാകുമൊ?

MR. P. S. MAHOMED (*Nominated*): അതു സാധുവാകയുമില്ല; സാധുവാകാനും പാടില്ല. രൂപം ഏർപ്പെടുത്തിക്കഴിഞ്ഞാൽ അതനുസരിച്ചു നടക്കണം.

PRESIDENT : There are two other amendments to this clause, one standing in the name of Mr. S. Krishna Pillai suggesting the substitution of "five and a half per cent." for "seven per cent" and another in the name of Mr. Tuppan Namputiripad suggesting to substitute eight and one-third per cent." for "seven per cent." As these amendments relate to the samepoint, we can save time if they are considered together and the members given time to reply at the end.

MR. S. KRISHNA PILLAI (*Karunagapalli*) : I would like to move my amendment for 5½ per cent. only if the 5 per cent. amendment is lost.

PRESIDENT : My suggestion was intended to save time. If you want to go by the strict procedure you may do so.

MR. S. KRISHNA PILLAI (*Karunagapalli*): What will be the motion that will be put to vote?

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: One after the other.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Mr. Krishna Pillai can explain his position.

MR. S. KRISHNA PILLAI (*Karunagapalli*): I shall speak on the first amendment and if that is put to vote and lost, I may move the second, and finally we might vote on Mr. Tuppan Namputiripad's amendment. In supporting the motion now made, I have to speak a word.

PRESIDENT: Are you supporting or opposing the motion?

MR. S. KRISHNA PILLAI (*Karunagapalli*): In support of the motion now made by Mr. Krishnan Nayar, I wish to say that the original Bill provided only for an apportionment at the rate of three and a half per cent. The First Select Committee report suggested that 12 per cent. interest must be calculated. I have tried to make a calculation on these two apportionments suggested by the Bill and the First Select Committee report and have been able to find out that it will be a great injustice done to the tenants in this State if the apportionment is made at the rate of 7 per cent. Seven per cent. contribution or apportionment calculated even at the rate of 6 per cent. simple interest upon payments annually made, at the end of 12 years comes to a little over 112. At the rate of 9 per cent. simple interest, it comes to 126. At the rate of 12 per cent. simple interest it comes to 140, and if compound interest is calculated the figure that we get is a little bit startling because at the rate of 9 per cent. interest it comes to 150 and at 12 per cent. it comes to 190. So that if the 7 per cent. is the amount that is to form part of the Bill it will work great hardship on the kudiyan. He will be paying twice the amount of the original fees that he was till now paying and if this is the manner in which the Select Committee accepts the formula to make rules for ascertaining jenmikaram, I submit that it is extortionately unreasonable. We are legally not bound to pay this amount now but need only pay after 12 years. It is natural that the Jenmi should pay reasonable interest. If it is only $3\frac{1}{2}$ per cent. that is claimed it leads to this hardship that if the money is invested by the jenmi in any ordinary concern he will be making enormous profits out of that. The kudiyan will be compelled to pay twice the amount that he was compellable to pay at the end of 12 years.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): If it is worked out at 6 per cent. what will be the sum?

MR. S. KRISHNA PILLAI (*Karunagapalli*): It comes to 6·3 per cent. simple interest.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഫ ൨ കൊല്ലംകഴിഞ്ഞു കിട്ടേണ്ടതായ സംഖ്യ അതായതുകൊല്ലം കിട്ടിയാൽ അയ ജന്മിമാക്ക ബാങ്കിൽ ഇടാമെന്നും പലിശകിട്ടുമെന്നുമാണൊ പറയുന്നതു?

MR. S. KRISHNA PILLAI (*Karunagapalli*): അതെ.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ഈ പലിശ കൂടിയാനവനു കിട്ടുന്നതിൽ എന്താണു വിരോധം?

MR. S KRISHNA PILLAI (*Karunagnplli*) : ഫ൨ കൊല്ലംകഴിഞ്ഞു തരേണ്ട പണം പണത്തിനു ഉറപ്പുണ്ടെന്നുള്ള വിചാരത്താൽ ഞങ്ങൾ നിങ്ങളെ ഏല്പിക്കുന്നു. ആ പണത്തെ നിയമപ്രകാരമുള്ള പലിശകട്ടത്തക്കവണ്ണം നിക്ഷേപിക്കാൻ നിങ്ങൾ ബാദ്ധ്യസ്ഥരല്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : നിങ്ങൾ അങ്ങനെ ഏല്പിക്കുമ്പോൾ അതു സൂക്ഷിക്കുന്നതിനു പ്രയാസമാണെന്നു ഞങ്ങൾ പറയുന്നു. ഇങ്ങനെ കെട്ടിവച്ചിരിക്കുന്ന പണത്തിനു ഞങ്ങൾ ഒരു പലിശകൂടി കൊടുക്കണമെന്നു പറയുന്നതു ജന്മിമാക്കു നഷ്ടമല്ലെ?

MR. S. KRISHNA PILLAI (*Karunagapalli*) : കയ്യിൽനിന്നും നഷ്ടമുണ്ടാകുമെന്നു എനിക്കഭിപ്രായമില്ല. ഫ൨ കൊല്ലംകഴിഞ്ഞു നിങ്ങൾക്കു തരേണ്ട സംഖ്യ നിങ്ങളെ ഓരോകൊല്ലമായി ഫ൨ കൊല്ലത്തിനുമുമ്പുതന്നെ ഏല്പിക്കുന്നു. അതിനു ഒരു പലിശ നിങ്ങൾക്കു കൊടുക്കരുതെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ആ പലിശ എങ്ങിനെ ഈടാക്കാം.

MR. S. KRISHNA PILLAI (*Karunagapalli*): ഒരു ജന്മിക്കു ഒരു കൂടിയാൻ മാത്രമല്ല; അനവധി കൂടിയാന്മാരുണ്ടു്. ഫ൨ കൊല്ലംകഴിഞ്ഞു വരേണ്ടസംഖ്യ അതാതുകൊല്ലം അവസാനത്തിൽ ജന്മിയുടെ കയ്യിൽ വന്നുചേരുന്നു. അതിനു ഭീമമായ ഒരു പലിശകിട്ടും. ആറുകൊല്ലത്തെ പലിശമാത്രം എടുത്താലും ഫ൨-ാമത്തെ കൊല്ലത്തിന്റെ അവസാനത്തു കിട്ടുന്ന അടുക്കുവതിന്റെ പലിശകൊണ്ടുതന്നെ തൃപ്തിപ്പെടാൻസാധിക്കും. സകല കൂടിയാന്മാരുംകൂടിച്ചു ആണ്ടവസാനത്തിൽ നിങ്ങളെ ഒരു തുക ഒന്നായി ഏല്പിക്കുന്നു. ആദ്യത്തെകൊല്ലത്തേതുമാത്രം ഡിപ്പാസിറ്റുചെയ്താൽ ബാക്കിയുള്ള തുക വേണമെങ്കിൽഇളവുചയ്തുകൊടുക്കാൻപോലും നിങ്ങൾക്കു സാധിക്കും.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : കൂടിയാന്മാക്കു ഈ തുക ബാങ്കിൽ ഡിപ്പാസിറ്റു ചെയ്യരുതൊ?

MR. S. KRISHNA PILLAI (*Karunagapalli*) : അതിനു ഇന്നു ജന്മിക്കുള്ളതുപോലെയുള്ള സൌകര്യം കൂടിയാനില്ല.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ഒരു തുച്ഛമായ സംഖ്യ പൊളിച്ചെഴുത്തവകാശംവകയ്ക്കു് ആണ്ടുതോറും ജന്മിക്കു കൊടുക്കുക എന്നുള്ളതു കൂടിയാനവനു രക്ഷാമാർഗ്ഗമാണൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. S. KRISHNA PILLAI (*Karunagapalli*) : രക്ഷാമാർഗ്ഗമാണെന്നു പറയുന്നതു് യഥാർത്ഥരക്ഷാമാർഗ്ഗമായിട്ടുതന്നെയിരിക്കണം; അല്ലാതെ ദോഷമാർഗ്ഗമായിരിക്കാൻ പാടില്ലെന്നാണു് എന്റെ അഭിപ്രായം.

MR. K. P. ABRAHAM (*Muvattupuzha cum Todupuzha*): ആണ്ടുതോറും ജന്മിമാക്കുകിട്ടുന്ന സംഖ്യ ബാങ്കിൽ ഇടുക എന്നുള്ളതു് അവർക്കു് അസാദ്ധ്യമാണൊ?

MR. S. KRISHNA PILLAI (*Karunagapalli*): ജന്മിമാരിൽ പലരുംതൊഴിൽമായിട്ടു കാര്യങ്ങൾനടത്തുന്നുണ്ടു്. ഇപ്പോഴത്തെ ഏർപ്പാടനുസരിച്ചു് ഇനി അവരുടെ ആദായം പിരിക്കുന്നതിനു, കാര്യസ്ഥനൊ, വക്കീലൊ ആരുംതന്നെ ആവശ്യമില്ല. പാവപ്പെട്ടകുടിയാന്മാരുടെ പക്കൽനിന്നും അവർക്കു കിട്ടേണ്ട ആദായം വാങ്ങിക്കാം. ഈ സ്ഥിതിക്കു അവർക്കുതന്നെ ഒന്നാംതരത്തിൽ ഒരു ബാങ്കു നടത്താൻ സാധിക്കും.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*): Does the member also know that if the kudiyans were to deposit the amount in any bank it will be a sort of liability which will have to be discharged at the end of 12 years, as distinguished from the jenmi using the money as a full owner ?

MR. S. KRISHNA PILLAI (*Karunagapalli*) : As the Regulation now stands, before the Amendment Regulation, it was a liability which was to take shape at the end of 12 years, and in that respect it may be said to be a liability hanging fire over the head of the kudiyans. Therefore the 7 per cent. fixed in this Bill is extortionate and it should be reduced. There was an amendment sent up by me that it must be fixed at $5\frac{1}{2}$ per cent. instead of 7. It was not without some justification that I sent up the amendment. Under the original Bill or according to the First Select Committee Bill, the interest that was claimable from the kudiyans for the arrears was 12 per cent. Under the Second Select Committee report, it was reduced to 9 whether it be for paddy or money, and I think it was but natural to suppose that if we are called upon to pay 9 per cent. interest to the jenmi, the jenmi must be liable to account to the kudiyan for the 9 per cent. interest that is given to him. On that basis I made a calculation and found that it came to $5\frac{1}{2}$ per cent. It was on that justification that I said that at least 5 per cent. must be fixed. But my amendment motion comes in only if this is rejected, and my own opinion is that there is great reason and justice for calculating interest at 12 per cent. because the man who comes in possession of such large funds, and especially as they are advance payment, will be able to make proper investment of them and make gain out of it. The ordinary rate of interest allowed by law in this country is 12 per cent. and it is therefore but just and reasonable that an apportionment must be made on the basis of the 12 per cent. interest. If that amendment is lost, I will move my own amendment for $5\frac{1}{2}$ per cent.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ ഭേദഗതി മെംബർ അനുകൂലിച്ചതു ജന്മിമാരുടെ രക്ഷാമാർഗ്ഗത്തിനുവേണ്ടിയൊ അതല്ല കുടിയാന്മാരുടെ രക്ഷാമാർഗ്ഗത്തിനുവേണ്ടിയൊ?

MR. S. KRISHNA PILLAI (*Karunagapalli*): നിഷ്പക്ഷപാടി എന്ന നിലയിൽ മാത്രമെ ഞാൻ ഇതു ചെയ്തിട്ടുള്ളു. യഥാർത്ഥത്തിൽ ജന്മിമാക്കു കിട്ടുന്ന പണത്തിനു പലിശകിട്ടുന്നുണ്ടു്. ആ പലിശ അവർ കുടിയാനവന്മാക്കു വകവച്ചുകൊടുക്കേണ്ടതു അവരുടെ ധർമ്മത്തിൽ ഒന്നാണു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഏല്പിക്കാൻ കഴിയുകയില്ല എന്നു പറഞ്ഞിട്ടുംനിർബന്ധിച്ചു ഏല്പിക്കുന്ന പണത്തിനു ഒരു പലിശകൂടികിട്ടണമെന്നു പറയുന്നതു് ധർമ്മമാണെന്നു വിചാരിക്കുന്നുണ്ടൊ?

MR. S. KRISHNA PILLAI (*Karunagapalli*): ഒരാളിന്റെ ഇഷ്ടത്തെയൊ അനിഷ്ടത്തെയൊ നോക്കിയല്ല നിയമമുണ്ടാക്കുന്നതു്. സംഗതികളുടെ ന്യായാന്യായങ്ങളെ മാത്രം ചിന്തിച്ചാണു ലോകത്തു്.എവിടെയും നിയമങ്ങൾ ഉണ്ടാക്കിവരുന്നതു്. ജന്മിമാരെ ഏല്പിക്കുന്ന പണത്തിനു ന്യായമായി പലിശകൊടുക്കേണ്ടതിനു ജന്മിമെംബറുടെ ഇഷ്ടപ്രകാരം മാത്രമെ ഒരു നിയമം നടപ്പിൽ വരുത്താൻ പാടൊള്ളു എന്നൊ, അല്ലെങ്കിൽ ജന്മിമെംബറുടെ അഭിപ്രായത്തെമാത്രമെ അനുകൂലിച്ചു പ്രസംഗിക്കാവു എന്നൊ നിർബന്ധമുള്ളതായി ഞാൻ വിചാരിക്കുന്നില്ല.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഈ ഫീ ശതമാനം എന്നാണല്ലൊ മെമ്പർ അയച്ചിട്ടുള്ള അമൻറുമെൻറു് പിന്നെ ഈ ശതമാനം എന്നുള്ള ഭാഗത്തെ മെംബർ അനുകൂലിക്കാനുള്ള കാരണമെന്താണു്?

MR. S. KRISHNA PILLAI (*Karunagapalli*): നാം ആശിക്കുന്നതു് പോലെ കിട്ടിയില്ല എന്നു വരാം. അപ്പോൾ അതിന്റെ അടുത്ത പടിയിലുള്ളതാണു് കിട്ടണമെന്നാഗ്രഹിക്കേണ്ടതു്. അതു സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്കൂടുതലിനുള്ള അപേക്ഷപോലെയാണു്. ഇ ൦ ൦ രൂപാശമ്പളക്കൂടുതൽ കിട്ടണമെന്നു ആഗ്രഹമുണ്ടായിരുന്ന ഉദ്യോഗസ്ഥനു് അതുകിട്ടിയില്ലെങ്കിൽ ൪ ൦ ൦ രൂപാ കിട്ടിയാലും സ്വീകരിക്കുമല്ലൊ.

PRESIDENT: You are speaking in Malayalam, Mr. Krishna Pillai.

MR. S. KRISHNA PILLAI (*Karunagapalli*): Sir, the Law Member put me a question in Malayalam and it is therefore that I am answering him in Malayalam.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): According to the member, if he does not get a salary of Rs. 500 would he be trying to get Rs. 400 or Rs. 600?

LIBRARY ARCHIVES Kerala Legislative Assembly

MR. S. KRISHNA PILLAI (*Karunagapalli*): If the amendment regarding the 5 per cent. moved by Mr. Krishnan Nayar is not accepted by the House or is lost, I would then move my amendment to the effect that $5\frac{1}{2}$ per cent. should be substituted for 7 per cent.

MR. M. GOVINDAN (*Nominated*): What is the member's impression with regard to the inclination of the jenmies irrespective of their representatives here in this House? Would he prefer to receive an amount every year or would he wait for a period of 12 years and receive the aggregate in a lump?

MR. S. KRISHNA PILLAI (*Karunagapalli*): I am quite certain that after yesterday's announcement by the Law-Member every jenmi will now come forward and say that this is the greatest blessing that the Government or the people could confer on him. Amounts that they were not able to collect till now, amounts that even their ancestors have allowed to be written off as having become barred by the Limitation Act, will be collected for them by the Government after resort to all the coercive processes enforceable under the Revenue Recovery Regulation and will be handed over to them after deducting a paltry discount of $2\frac{1}{2}$ per cent. Such a blessing is now conferred on them, a blessing which the original jenmi, the owner of all these lands, may not have ever dreamt of. Hereafter, the jenmi has only to sit at home and be thinking about the amounts that will be collected and handed over to him at the end of the year in the month of Karkatakam, so that the original amount might be increased ten-fold or hundred-fold. In the circumstances, I think the jenmies cannot reasonably put forward the plea that they would not give us a reasonable interest for the amounts that we are now to pay and that in advance.

MR. M. GOVINDAN (*Nominated*): All these apply only to the rich jenmi. The poor man has to borrow money.

MR. S KRISHNA PILLAI (*Karunagapalli*): Even the poor jenmi need have to borrow nothing hereafter; for, if we pass this Bill now it may take effect and form part of the Statute Book in 1108. You will find then all these lean jenmies disappearing and reappearing before us as the best fed, the best conditioned citizens of the State.

MR. A. NARAYANA PILLAI (*Vaikam*): സർ, മി. ഉണ്ണൻനായരുടെ ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. പൊളിച്ചെഴുത്തവകാശത്തിനു ഏഴുശതമാനമുള്ള ഒരുതുക കൊല്ലംതോറും കൊടുക്കുക എന്നുള്ളതു് കുടിയാനവന്റെ ഭാഗത്തെപ്പറ്റി നോക്കുന്നപക്ഷം അതു ഒരു വലിയതുകയാണെന്നുകാണാം. ഏഴു ശതമാനം എന്നുള്ളതിന്റെ പലിശ നോക്കിയാൽ ഫസലുകൊല്ലംകൊണ്ടു ഫസൽ-നമ്മേൽ വരുന്നതാണു്. പലിശയ്ക്കു പലിശകൂടിനോക്കുന്നപക്ഷം ഫസൽ 0 ആയുംവരും. കടിഞ്ഞിഖയ്ക്കു ഫസൽശതമാനം പലിശ കണക്കാക്കിയാണു് അവർ വാങ്ങിച്ചുവരുന്നതു്. ഏതാനും ജന്മിമാർ ധനാഢ്യന്മാരായിരിക്കാം. അവരൊക്കെ കിട്ടുന്ന പണം പലിശയ്ക്കു കൊടുത്തിരിക്കാം. സാമാന്യേന നോക്കുന്നപക്ഷം ഈ കിട്ടുന്നപണം

LIBRARY ARCHIVES Kerala Legislative Assembly

മുഴുവനും അവരുടെ നിത്യ ആവശ്യത്തിനൊ അല്ലെങ്കിൽ കടംവാങ്ങിയിട്ടുള്ളതു തിരിയ്ക്കൊടുക്കുന്നതിനൊ ഉപയോഗിക്കുന്നവരായിരിക്കും അധികവും. മുഴുവൻ ആചാരങ്ങളുടെയും പൊളിച്ചെഴുത്തവകാശം ജന്മിമാക്കു ഒരു കൊല്ലത്തിൽ കിട്ടുന്നതായിട്ടില്ല. ഫസ്ലിന്റെ അവസാനത്തിൽ കിട്ടുന്ന ഒരുതുക ഓരോകൊല്ലത്തിലും കിട്ടുകയാണെങ്കിൽ ഒരു പ്രത്യേക ബാങ്കിൽ പലിശയ്ക്കുകൊടുക്കാൻ സാധിക്കും. എന്നാൽ പൊളിച്ചെഴുത്തവകാശം ജന്മിമാക്കു ഒന്നിടവിട്ടു ലഭിക്കുന്നുണ്ടൊ എന്നു നോക്കുന്ന പക്ഷം ഇപ്പോഴും ശരിയായി ലഭിക്കുന്നില്ലെന്നു കാണാം. ഇതുവരെ കുഴിഞ്ഞിട്ടുള്ള ചരിത്രം നോക്കിയാൽ പൊളിച്ചെഴുത്തവകാശം പണമുള്ള ജന്മിമാർ കാലാവധികുഴിഞ്ഞുവ്യവഹാരപ്പെട്ടാണ് ഈടാക്കിവരുന്നതു് എന്നും കാണാം.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): പണം കുറവുള്ള ജന്മിമാരും ഈ രാജ്യത്തുണ്ടു് എന്നു മെംബർക്കഭിപ്രായമുണ്ടൊ?

MR. A. NARAYANA PILLAI (*Vaikam*): ഉണ്ടു്. പണമുള്ളവർ ഫസ്ലിൽ കൊല്ലത്തിൽ പൊളിച്ചെഴുത്തവകാശം കാലഹരണപ്പെടുന്നതിന്റെ തലേദിവസം വ്യവഹാരപ്പെടുകയാണു ചെയ്യുന്നതു്. അവക്കു കിട്ടുന്ന സംഖ്യ എന്തായാലെന്നു കണക്കുനോക്കിയാൽ ഫസ്ലിൽ ക്രട്ടതൽ വരികയുമില്ല.

MR. S. KRISHNA PILLAI (*Karunagapalli*): പണമില്ലാത്ത ജന്മിമാർ വ്യവഹാരം കൊടുക്കുന്നതിനായി രണ്ടും മൂന്നും പലിശയ്ക്കു പണം സാധാരണ കടംവാങ്ങിക്കാറില്ലെ?

MR. A. NARAYANA PILLAI (*Vaikam*): പണം ഇല്ലാത്ത ജന്മിമാരുടെ അവകാശങ്ങളും അധികവും കാലഹരണപ്പെട്ടുപോകുന്നുണ്ടു്. ചുരുക്കം ചിലർ ക്രട്ടതൽ പലിശകൊടുത്തു പണം കടംവാങ്ങിവ്യവഹാരം കൊടുക്കുന്നുമുണ്ടു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിമാരുടെ ചിലവിനുപോലും ബാങ്കിൽനിന്നും ഒന്നും ഒന്നരയും പലിശയ്ക്കു പണം കടംവാങ്ങിക്കയും പിന്നീടതു തിരിയ്ക്കൊടുക്കാൻ നിവൃത്തിയില്ലാതെ ബുദ്ധിമുട്ടുകയും ചെയ്യുന്നുണ്ടെന്നറിയാമൊ?

MR. A. NARAYANA PILLAI (*Vaikam*): നിവൃത്തിയില്ലാതെ ചിലർ കഷ്ടപ്പെടുന്നുണ്ടെന്നു എനിക്കറിയാം. അവക്കു ഈമാതിരി ആണ്ടോടാണ്ടു പൊളിച്ചെഴുത്തവകാശം വീതിച്ചുകിട്ടുന്നതു ഒരു വലിയ കാര്യമായിരിക്കും. അതിനാൽ ചില്വറയായിട്ടുകിട്ടുന്നതു ജന്മിമാക്കു ആവശ്യമില്ല, അവരെ നിർബന്ധിച്ചു ഇതു അവരുടെ തലയിൽ വയ്പിച്ചതാണു് എന്നുള്ള അഭിപ്രായം ഒട്ടും ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഫ ഒ-ാം കൊല്ലത്തിൽ ഫ ൦ ൦ ചക്രം കിട്ടേണ്ടതു് വീതിക്കുമ്പോൾ കൊല്ലംതോറും ആറുചക്രം വരുന്നു. ഈ ആറുചക്രവും ബാങ്കിൽഇട്ടു അതിന്റെ പലിശ വർദ്ധിപ്പിക്ക എന്നുള്ളതു പ്രായോഗികമാണെന്നു മെംബർക്കു തോന്നുണ്ടോ?

MR. A. NARAYANA PILLAI (*Vaikam*): പലിശയ്ക്കു കൊടുക്കുന്നവരുടെ സംഗതിമാത്രമല്ല ആലോചിക്കേണ്ടതു്. അതാതു കൊല്ലത്തിൽ കിട്ടുന്നതു മുഴുവൻ അവരവരുടെ ചിലവിനു ഉപയോഗിക്കാം. ഇപ്പോൾ ചിലവിനുകടം വാങ്ങി നിർവഹിച്ചു വരുന്നവർക്കു കൊല്ലംതോറും ഇങ്ങനെകൊടുക്കുന്നതു യഥാർത്ഥത്തിൽ വലിയ അനുഗ്രഹമായിരിക്കും.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ രാജ്യത്തു ജന്മിമാരിൽ അധികം പൊലിക്കടം ചെയ്തു മുതൽ വർദ്ധിപ്പിക്കുന്നവരൊ അതല്ല ചിലവിനുപോലും മതിയാകാത്തവരൊ?

MR. A. NARAYANA PILLAI (*Vaikam*): രണ്ടു പ്രകാരത്തിലുള്ളവരുമുണ്ടു്. സാമാന്യേന നോക്കിയാൽ ചെലവിനു തികയാത്തവരാണു് അധികവും.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): പൊലിക്കടംചെയ്തു വർദ്ധിപ്പിക്കുന്നവർക്കു മാത്രം ഈ ശതമാനത്തെപ്പറ്റിയുള്ള വ്യവസ്ഥ സ്വീകരിക്കയും മറ്റുള്ളവർക്കു വേറെ രീതിയിൽ ഒരു വ്യവസ്ഥവരുത്തുകയും ചെയ്യുന്നതുമെംബർക്കു സമ്മതമാണൊ?

MR A. NARAYANA PILLAI (*Vaikam*): അങ്ങനെയല്ല ചെയ്യേണ്ടതെന്നാണു് എന്റെ അഭിപ്രായം. ജന്മിമാർ അവരുടെ ആവശ്യത്തിനായി പണം കടംവാങ്ങിക്കുന്നതിന്റെ പലിശ ഒന്നുകണക്കാക്കിനോക്കണം. അങ്ങനെ നോക്കുമ്പോൾ അതാതു കൊല്ലത്തിൽ അവർക്കു ഈ തുക ലഭിക്കുന്നതു രണ്ടുപ്രകാരത്തിലുള്ള ലാഭത്തെ ഉണ്ടാക്കുന്നു. അതായതു് ഒന്നാമതു് പലിശയിൽലാഭം, രണ്ടാമതു് അന്യനെ ചെന്നു ആശ്രയിക്കാതിരിക്ക എന്നുള്ള ഒരു ലാഭം. പണത്തിനു ആവശ്യപ്പെട്ടുപോകുമ്പോൾ പ്രിയംകൂടും; ചിലർക്കു വട്ടംകൊടുക്കണം; പലർക്കുംപലിശ കൂട്ടുതൽകൊക്കണം; ചിലപ്പോൾ പ്രമാണത്തിൽ യഥാർത്ഥത്തിൽ വാങ്ങിക്കുന്നതുകയെക്കാൾ കൂട്ടുതൽതുകചേർത്തു എഴുതികൊടുക്കേണ്ടതായും വരും. എങ്ങനെയായാലും ഫ ഒ ശതമാനം പലിശയിൽ കുറഞ്ഞു ആർക്കുംതന്നെ ഇക്കാലത്തു പണം കിട്ടുകയുമില്ല.

ഇതിനുപുറമെ പൊളിച്ചെഴുത്തവകാശത്തിനായി ജന്മിമാർ വ്യവഹാരപ്പെടേണ്ട ആവശ്യമില്ലെന്നനിയമത്തിൽ വരുത്തുന്നു. വ്യവഹാ

LIBRARY ARCHIVES Kerala Legislative Assembly

രപ്പെടുമ്പോൾ സാധാരണ അരവാശിയിൽ കവിഞ്ഞുള്ള പലിശ അവർ നഷ്ടപ്പെടുന്നുണ്ട്. ഈ സംഗതികളെല്ലാംകൂടി ആലോചിക്കുന്ന അവസരത്തിൽ കൊല്ലംതോറും പൊളിച്ചെഴുത്തവകാശം വീതിച്ചുകൊടുക്കുന്നതു കുടിയാനെക്കാൾ ജന്മിക്കാണ് കൂടുതൽ സൌകര്യപ്രദമായിട്ടുള്ളതു് എന്നു കാണാം. ജന്മിക്കുതന്നിച്ചോ, അല്ലെങ്കിൽ കുടിയാന് തനിച്ചോ അല്ല ഈ നിയമം. പൊളിച്ചെഴുത്തവകാശം പന്ത്രണ്ടോ ഇരുപത്തിനാലോ കൊല്ലം കഴിഞ്ഞു കുടിയാൻ കൊടുത്താൽമതി. ചിലപ്പോൾ കാലഹരണദോഷം കൊണ്ടു കുടിയാനു തുക ലാഭപ്പെട്ടു എന്നുംവരാം. ഇവിടെകുടിയാനു തുക ലാഭപ്പെടുന്നതിനു നിവർത്തിയില്ലാതെ ആണ്ടുതോറും കൊടുക്കേണ്ടതാണെന്നാണ് വിവക്ഷിച്ചിരിക്കുന്നതു. പാട്ടുതുക്കാർവന്നു കരംപിരിക്കുന്നകൂട്ടത്തിൽ ഈ തുക വാങ്ങിക്കൊണ്ടുപോകയുംചെയ്യും. ഇങ്ങനെ കുടിയാനവനും, ജന്മിയുടെസൌകര്യത്തിനായി ഇതു് സമ്മതിക്കയാണു ചെയ്തതു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): യാതൊരുപലിശയും കൂടാതെ മുതൽമാത്രം ഫസ്-ാം കൊല്ലത്തിൽ തന്നാൽ മതി എന്നു വച്ചാൽ മെമ്പർക്കു അതു സമ്മതമാണൊ?

MR. A. NARAYANA PILLAI (*Vaikam*) : ഫസ് കൊല്ലം കഴിഞ്ഞു പലിശകൂടാതെ കിട്ടിയാൽ മതി എന്നു പറയുന്ന ജന്മിമാരുണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): വീതിച്ചു കൊടുക്ക എന്നു വരുമ്പോൾ കുടിയാന്മാർക്കു ഇതിൽ വല്ല രക്ഷയുമുണ്ടോ?

MR. A. NARAYANA PILLAI (*Vaikam*) : അതാണ് ജന്മിക്കും കുടിയാനും രക്ഷ.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കുടിയാനവനുള്ള രക്ഷാമാർഗ്ഗം ജന്മി സ്വീകരിച്ചതിനു ഒരു പലിശ കൂടി കിട്ടണമെന്നു പറയുന്നതു കുടിയാനവനു കൂടുതൽ ലാഭമല്ലെ?

MR. A. NARAYANA PILLAI (*Vaikam*): അയാളുടെ പണത്തിനു കിട്ടാവുന്ന പലിശയെ ചോദിക്കുന്നുള്ളു. അതു കുടിയാനു ലാഭമല്ല.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : മി: കൃഷ്ണൻനായർ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ ഞാൻ എതിർക്കുന്നു. ഫസ്-ാം കൊല്ലത്തിൽ ജന്മിക്കു കിട്ടേണ്ടതായ പൊളിച്ചെഴുത്തവകാശം കുടിയാനും ജന്മിക്കും തമ്മിലുള്ള സൌഹാർദ്ദതയെ മാത്രം ഉദ്ദേശിച്ചു. ആണ്ടുതോറും ചെറിയ സംഖ്യയായി വീതിച്ചു വാങ്ങിക്കൊള്ളാമെന്നു ഞങ്ങൾ സെലക്ട് കമ്മിറ്റിയിൽ സ്വീകരിക്കയാണു ചെയ്തിട്ടുള്ളതു്. ആദ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

സെലക്ട് കമ്മിറ്റിയിൽ ഇതിനെ സംബന്ധിച്ചു വാദം ഉണ്ടാക്കുകയും വീതിച്ചു കൊടുക്കുന്ന ഏർപ്പാട് കൂടിയാൻ രക്ഷയുള്ളതാണെന്നു സമ്മതിക്കയും ചെയ്തിട്ടുണ്ട്. ഇങ്ങനെ അണ്ടിതോറും ജന്മിക്കു കിട്ടുന്നതു് ഒരു വലിയ തുകയാണെന്നും അതുകൊണ്ടതന്നു് ഇന്നു ചടച്ചിരിക്കുന്ന ജന്മിമാർ മുഴുവനും നാളെ വണ്ണംവച്ചു പോകുമെന്നും മറ്റും ഇവിടെ പ്രസ്താവിക്കയുണ്ടായി. ഓരോ മിനിട്ടു തോറും ഞങ്ങൾ കണക്കു കൂട്ടി നോക്കുന്നപക്ഷം ഒരു വലിയ തുക ഞങ്ങൾക്കുള്ളതായി കണക്കിൽ കാണാം. അതനുസരിച്ചുള്ള തടിപ്പും ഞങ്ങൾക്കു കിട്ടും. എന്നാൽ അതു പ്രായോഗികമായി വരുമോ എന്നാണു് ഇനി നോക്കേണ്ടതു്. സൗഹാർദ്ദത എന്നുള്ളതു് രണ്ടു കൂട്ടരും ആലോചിക്കേണ്ട ഒരു സംഗതിയാണു്. ഞങ്ങൾക്കു നഷ്ടമില്ലാത്ത രീതിയിലുള്ള സഹായങ്ങളെല്ലാം ഞങ്ങൾ കൂടിയാന്മാക്കു ചെയ്തുകൊടുക്കാം. ഉദാഹരണത്തിനു് ഒരു കൊല്ലത്തിൽ കൂടിയാനവനു് ഒന്നായി ജന്മിക്കു കൊടുക്കേണ്ട തുക തുല്യമായ സംഖ്യകളായി വീതിച്ചു് അണ്ടിതോറും കൊടുത്താൽ മതി എന്നാണു് ഇവിടെ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. അതു വാങ്ങിക്കേണ്ട അളക്കു് ഒന്നായിത്തന്നാൽ മതി എന്നും കൂടിയാന്മാർ ഞങ്ങൾക്കു വീതിച്ചു തരുന്നതു് രക്ഷയാണെന്നും പറയുന്നു. ജന്മിമാർ അതു സമ്മതിച്ചു. ഇങ്ങനെ മനസ്സില്ലാതെ ഏല്പിച്ച പണത്തിനു ഒരു പലിശ കൂടി ചുമത്തണമെന്നു പറയുന്നതു് അന്യായമാണു്. ഈ പണം ബാങ്കിൽ നിക്ഷേപിച്ചാൽ പലിശ കിട്ടുമെന്നാണു് പറഞ്ഞതു്. എന്നാൽ അതു കൂടിയാനവന്നു് ഉണ്ടാകുന്നതെ? കൂടിയാനവന്റെ നിക്ഷേപം ബാങ്കിൽ സ്വീകരിക്കയില്ലെന്നു പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഓരോ അവസരത്തിലും കൂടിയാനവനു തന്നെ പണം ബാങ്കിൽ നിക്ഷേപിക്കാം; പന്ത്രണ്ടാമത്തെ കൊല്ലത്തിൽ മുതൽ പലിശ സഹിതം നാലിരട്ടിയായി വല്ലിപ്പിച്ചു കൊടുക്കയും ചെയ്യാം.

MR. M. GOVINDAN (*Nominated*): അണ്ടിതോറും കുറേശ്ശെ കുറേശ്ശെ കിട്ടുന്നതു ജന്മിമാർക്കു് ഉപകാരമല്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അണ്ടിതോറും ലഭിക്കുന്നതു് ഉപകാരമായ നിലയിൽ കണക്കാക്കാമെങ്കിലും ജന്മിമാർക്കു മൊത്തത്തിൽ കിട്ടുക എന്നുള്ള സൗകര്യത്തെ ഇതു ഹനിച്ചു കളയുന്നു.

MR. A. S. DAMODARAN ASAN (*Mavelikara cum Kartikapalli*): ജന്മിമാരിൽ ചിലവു കഴിച്ചു മിച്ചം വയ്ക്കുന്നവർ എത്ര ശതമാനം കാണും?

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ചിലവു കഴിച്ചു മിച്ചം വയ്ക്കുന്നജന്മിമാർ ൧൯൦-ന രണ്ടുപോലും ഈ രാജ്യത്തു കാണുകയില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ശേഷമുള്ള ൧൯൫-ന് വു പേരും ചിലവു കഴിക്കുന്നതെങ്ങനെ? കട൯ വാങ്ങിച്ചു കഴിക്കുന്നുവോ അതല്ല പട്ടിണി കിടക്കുന്നുവോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) അതു പല തരത്തിലും ഉണ്ടു്. കുടിയാന്മാർ ഏതു നിലയിൽ ചിലവു ചെയ്യുന്നൊ അതു നോക്കിയ്ക്കൊണ്ടാൽമതി.

MR. A. S. DAMODARAM ASAN (*Mavelikara* cum *Kartikapalli*): ചിലവിനു തികയാത്ത ജന്മിമാർ കടം വാങ്ങി ചിലവു നടത്തുന്നുണ്ടെന്നാണൊ മെമ്പർ പറയുന്നതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കടം വാങ്ങി ചിലവു നടത്തുന്നവരുമുണ്ടു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അവർ എന്തു പലിശയ്ക്കു കടം വാങ്ങിക്കുന്നു?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതു പല തരത്തിലും ഉണ്ടു്. ഒരു റേറു് ഇവിടെ പറയാൻ നിവൃത്തിയില്ല. ചിലപ്പോൾ ൧൨-ം ചിലപ്പോൾ ൧൮-ം ചിലപ്പോൾ ൨൪-ം ശതമാനത്തിനു വാങ്ങിക്കാറുണ്ടു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ജന്മിമാർ ചിലവിനു തികയാതെ കടം വാങ്ങിക്കൊണ്ടിരിക്കുന്നു എന്നു മെമ്പർ തന്നെ പറഞ്ഞു. ആ സ്ഥിതിക്കു ൧൨ കൊല്ലം കഴിഞ്ഞു കൊടുക്കേണ്ട സംഖ്യ വീതിച്ചു പ്രതിവത്സരം കൊടുത്തു കൊണ്ടിരിക്കുന്നതു ജന്മിമാരെ സഹായിക്കുന്നതു ഒരേർപ്പാടല്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അല്ല. കുടിയാന്മാരെ സഹായിക്കുന്നതിനുള്ള മാർഗ്ഗങ്ങളെല്ലാം ചെയ്യുവാൻ ജന്മിമാർ സദാ തയ്യാറാണു്. എന്നാൽ ഈ സഹായത്തിനു ജന്മിമാരുടെ കയ്യിൽ നിന്നും നഷ്ടം സഹിക്കാൻ നിവൃത്തിയില്ലെന്നു മാത്രമെ എനിക്കു പറയുവാനുള്ളൂ.

MR. JOSEPH KUNJU (*Changanachery* cum *Peermade*): കയ്യിൽ നിന്നു എന്തു നഷ്ടം വരും?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ൧൨-ാമത്തെ കൊല്ലത്തിൽ കിട്ടേണ്ടതായ അസ്സൽ മുതൽ കിട്ടാതെ വരും. അപ്പോഴപ്പോൾ കിട്ടുന്നതു പലിശയ്ക്കു കൊടുക്കാമല്ലൊ എന്നു പറയുകയുണ്ടായി; എന്നാൽ അതതു പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ജന്മിമാരിൽ ഭൂരിപക്ഷവും പ്രതിവത്സരം ചിലവിനു തികയാത്തതുകൊണ്ടു കടം വാങ്ങിക്കൊണ്ടിരിക്കുന്നു എന്നു പറഞ്ഞു. അങ്ങനെ കടം വാങ്ങിക്കുന്നതിനു പലിശയും കൊടുക്കേണ്ടിയിരിക്കുന്നു. പ്രതിവർഷം കൂടിയാൻ ജന്മിക്കു പൊളിച്ചെഴുത്തവകാശം കൊടുത്താൽ വലിയ പലിശയ്ക്കു കടം വാങ്ങിക്കുന്ന ജന്മിക്കു് അതൊരു സഹായമായിരിക്കയില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിക്കു അതൊരു സഹായമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഈ ഭേദഗതി ജന്മിക്കു ഗുണകരമായ നിലയിലുള്ള ഒന്നാണെന്നാണ് ഇവിടെ പലരും സൂചിപ്പിച്ചതു്. ജന്മിക്കു ഇതു ഗുണമായിരിക്കണമെങ്കിൽ തീച്ചയായും കൂടിയാനു ഒരു ഭാഗത്തു ഇതു ദോഷകരമായി തന്നെയിരിക്കണം. എന്നാൽ മാത്രമെ ജന്മിക്കു ഗുണപ്രദമാകയുള്ളു. കൂടിയാനെ ദോഷപ്പെടുത്തി ജന്മിക്കു ഗുണം കിട്ടണമെന്നുള്ള ഒരു മനസ്ഥിതി ജന്മിക്കില്ലാത്തതിനാൽ ഈ ഭേദഗതിയെ അനുകൂലിക്കുവാൻ എനിക്കു നിവൃത്തിയില്ല.

MR. S. KRISHNA PILLAI (*Karunagapalli*): അങ്ങനെയാണെങ്കിൽ കൂടിയാനു ഗുണകരമായിട്ടുള്ള ഭേദഗതികളെ എതിർക്കണമെന്നുള്ള താല്പര്യവും മെമ്പർക്കു കാണുകയില്ലല്ലൊ. അഥവാ മെമ്പർ എതിർക്കയാണെങ്കിൽ അതു മെമ്പരുടെ മനസ്സാക്ഷിക്കു വിപരീതമായിട്ടുള്ളതാണെന്നു വേണ്ടെ വിചാരിക്കാൻ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ ഭേദഗതി ജന്മിമാരുടെ രക്ഷയ്ക്കു വേണ്ടിയാണു് എന്നാണു മെമ്പർ പറഞ്ഞതു്.

MR. S. KRISHNA PILLAI (*Karunagapalli*): അതു എന്റെ ചോദ്യത്തിനു മറുപടി ആയില്ല. മെമ്പർ കുറച്ചു മുമ്പു പറഞ്ഞതനുസരിച്ചു കൂടിയാനു ദോഷകരമായ സംഗതിവന്നാൽ മെമ്പർ അതിനെ എതിർക്കയൊ, കൂടിയാനു അനുകൂലമായ സംഗതി വന്നാൽ അനുകൂലിക്കയൊ ചെയ്യുമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അങ്ങനെയുള്ള പ്രമേയങ്ങൾ വരുമ്പോൾ അതിന്റെ രൂപം നോക്കി പറയാമെന്നല്ലാതെ ഈ അവസരത്തിൽ ഒരു മറുപടി പറയാൻ എനിക്കു സാധിക്കുകയില്ല.

MR. A. THANU PILLAI (*Trivandrum*): നിങ്ങളുടെ കയ്യിൽ കിട്ടുന്ന പണത്തിനു ഒരു പലിശ കൊടുക്കുന്നതിൽ നിങ്ങൾക്കെന്താണു് വൈഷമ്യം?

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിക്കു പലിശ കിട്ടുകയില്ല എന്നു കുടിയാനു ബോധ്യമുള്ളപ്പോൾ ജന്മിമാരിൽ ഈ പലിശ ചുമത്താതിരിക്കുന്നതിനു ഭയമുണ്ടാകുമോ?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): പണം ഗവണ്മെൻറു പിരിച്ചുതരികയില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഗവണ്മെൻറു പിരിച്ചുതരും. എന്നാൽ പലിശയും മറുപിലവുകളും കഴിക്കുമ്പോൾ പിന്നീടു പിരിച്ചുതരാൻ ഒന്നും കാണുകയില്ല.

ആണ്ടോടാണ്ടു കിട്ടുന്നതു ജന്മി ചിലവാക്കുകയെന്നല്ലാതെ ബാങ്കിൽ ഇടുക എന്നുള്ളതു് ഒരിക്കലും സാധ്യമല്ല. അതിനാൽ ഈ ഏർപ്പാടു് ജന്മിക്കു ഗുണപ്രദമാണെന്നു വിചാരിക്കുന്നതു തെറ്റാണു്.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഇപ്പോഴത്തെ റഗുലേഷൻഅനുസരിച്ചു കൊല്ലം കഴിഞ്ഞുശരിയായ പൊളിച്ചെഴുത്തവകാശം വാങ്ങിക്കുന്ന ജന്മിമാർ എത്രപേരുണ്ടു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതാതു കൊല്ലത്തിൽ മിച്ചവാരം ശരിയായി കൊടുക്കാതെയിരിക്കുന്ന കുടിയാന്മാർ എത്രയുണ്ടു്?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): എന്നോടു് ഇപ്പോൾ ചോദ്യം ചോദിക്കാൻ പാടില്ല. അതു് മുമ്പിനു വിപരീതമാണു്. ഞാൻ ചോദിച്ചതിനു മറുപടി പറയുവാനെപാടുള്ളു.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതിന്റെ കണക്കെടുത്തല്ലാതെ പറയാൻ നിവൃത്തിയില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ഉദ്ദേശമായി ഏതെങ്കിലും ഒരു തുക പറയാമോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ൪ പേരു് കാണുമെന്നു വയ്ക്കുക.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ൪ പേരെ ഒള്ളോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കണക്കു നോക്കാതെ പറയാൻനിവൃത്തിയില്ല എന്നു ഞാൻ ആദ്യമെ പറഞ്ഞു. ഏതെങ്കിലും ഒരു കണക്കു പറയണമെന്നു പറഞ്ഞതുകൊണ്ടു ഞാൻ നാലു് എന്നു് പറഞ്ഞതാണു്. (ചിരി)

LIBRARY ARCHIVES Kerala Legislative Assembly

MR. JOSEPH KUNJU (*Changanachery cum Peermade*): സെലക്ട് കമ്മിറ്റി അംഗം എന്ന നിലയിൽ തെളിവു ശേഖരിക്കാൻ മെമ്പർ പോയിട്ടില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): തിരുവനന്തപുരം ഡിവിഷൻ മുഴുവനും സഞ്ചരിച്ചിട്ടുണ്ട്.

MR. JOSEPH KUNJU (*Changanachery cum Peermade*): മെമ്പർ ഈ സംഗതിയെപ്പറ്റി അന്വേഷണം നടത്തിയിട്ടില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ ഭോഗക്കുടി അന്വേഷിച്ചു തെളിവെടുക്കണമെന്നു സെലക്ട് കമ്മിറ്റി നിശ്ചയിച്ചിരുന്നുവെങ്കിൽ ഞാൻ അന്വേഷണം നടത്തുമായിരുന്നു.

MR. M. GOVINDAN (*Nominated*): തനതുവസ്തു മെംബർ അന്വേഷിക്കണം എന്നു വിചാരിക്ക. ആ പാട്ടം കൊടുക്കണമെന്നു ആഗ്രഹിക്കുന്നു. ഫ കൊല്ലംകഴിഞ്ഞു പാട്ടപ്പണം തരാമെന്നു ഒരാളും, മാസാമാസം തന്നുകൊള്ളാമെന്നുള്ള കരാറിന്മേൽ സ്വല്പം കുറഞ്ഞതുകയ്ക്കു പാട്ടം എടുത്തുകൊള്ളാമെന്നു മറെറാരാളും വരികയാണെങ്കിൽ മെംബർ ഇതിൽ ആരെ സ്വീകരിക്കും?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതാതവസരത്തിലുള്ള ഓരോ ജന്മിമാരുടെ ആവശ്യമനുസരിച്ചുള്ള നിലയിൽ ആ ജന്മിയുടെ യുക്തമുപോലെ ചെയ്യും.

MR. M. GOVINDAN (*Nominated*): മെംബറാണെങ്കിൽ എന്തു ചെയ്യും?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): മുതലിനു പോകുവരികയില്ല എന്നുള്ളയാളാണു പാട്ടക്കാരൻ എങ്കിൽ ഒന്നിച്ചു പാട്ടപ്പണം കിട്ടിയാൽ മതി എന്നുള്ള അഭിപ്രായക്കാരനാണു ഞാൻ.

MR. S. KRISHNA PILLAI (*Karunagapalli*): രണ്ടാമത്തെ സെലക്ട് കമ്മിറ്റി സമർപ്പിച്ച ബിൽ മെംബർകൂടി ചേർന്നു അയച്ചതല്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അതെ. ഞങ്ങളുടെ ഭിന്നറിപ്പോർട്ടുകൂടി അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

MR. S. KRISHNA PILLAI (*Karunagapalli*): അതനുസരിച്ചു ജന്മിഭോഗക്കുടിശ്ശിക എഴുതുന്നതിൽ ശതമാനം പലിശവച്ചല്ലെ ജന്മിക്കു കിട്ടേണ്ടതു?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ആ പലിശനിരക്കു ജന്മിമാരുടെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. S KRISHNA PILLAI (*Karunagapalli*): മെംബർ, ഈ പലിശനിരക്ക് കുട്ടുകയൊ കുറയ്ക്കുകയൊ ചെയ്യണമെന്ന വല്ല ഭേദഗതിയും അയച്ചിട്ടുണ്ടൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഉണ്ട്.

MR. S. KRISHNA PILLAI (*Karunagapalli*): പലിശനിരക്ക് എത്രയാക്കണമെന്നാണ് ഭേദഗതി അയച്ചിട്ടുള്ളത്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇന്നത്തെ നാട്ടനടപ്പനുസരിച്ചുള്ള പലിശ വയ്ക്കണമെന്ന പറഞ്ഞിട്ടുണ്ട്.

MR. S. KRISHNA PILLAI (*Karunagapalli*): നാട്ടനടപ്പുള്ള പലിശ എന്താണ്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): നെല്ലിന് ഫ ൦ ൦-ന് ൨-൦ പണത്തിന് ഫ ൦ ൧-ന് ഒന്നും.

MR. S. KRISHNA PILLAI (*Karunagapalli*): ഇങ്ങനെ നിങ്ങൾക്ക് പലിശകിട്ടുമ്പോൾ കുടിയാനവൻ നിങ്ങൾക്ക് തരുന്ന പണത്തിന് ഒരു പലിശകൊടുക്കാതിരിക്കുന്നതിനുള്ള കാരണമെന്താണ്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇന്ന് നാട്ടനടപ്പനുസരിച്ച് ഒരാൾബാങ്കിൽനിന്നും പണം കടംവാങ്ങിക്കയാണെങ്കിൽ ഫണ്ട് പണം പലിശകൊടുക്കണം. മറുവല്ലവരുടെയും കയ്യിൽനിന്നു വാങ്ങിക്കയാണെങ്കിൽ അര പണമൊ കാൽപണമൊ പലിശകൊടുത്താൽമതി. എന്നാൽ വസ്തു തീറെഴുതിവാങ്ങിക്കുമ്പോൾ അതിലും ഉച്ചമായ ഒരു പലിശയെ നടക്കുകയുള്ളു. ഇതിൽനിന്നും ശാശ്വതമായി വസ്തുവിൽ സ്ഥാപിച്ചുകിട്ടുന്നതായ പണത്തിന് നാട്ടനടപ്പനുസരിച്ച പലിശ വളരെ കുറവാണെന്ന ബോദ്ധ്യപ്പെട്ടും. അതിനാൽ ഇങ്ങനെതരുന്ന പണത്തിന് കുടിയാൻ പലിശ വേണമെന്ന ആവശ്യപ്പെടാനെ പാടില്ല.

MR. S. KRISHNA PILLAI (*Karunagapalli*): കുടിയാന്റെ പക്കൽ നിന്നും കിട്ടണമെന്ന ജന്മിമാർഉദ്ദേശിക്കുന്ന പലിശ തന്നെ കുടിയാന്റെ പണത്തിനും കൊടുക്കരുതൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ പണം ജന്മിമാരെ ആണ്ടുതോറും ഏല്പിച്ച പലിശ ഈടാക്കണമെന്ന പറയുന്നതിന്റെ ഉദ്ദേശം മനസ്സിലാകുന്നില്ല.

ഏതായാലും ജന്മിമാക്ക് മനസ്സില്ലാത്ത ഒരു കുമതല അവരെ ഏല്പിച്ച് അവരിൽനിന്നും പലിശ ഈടാക്കുക എന്നുള്ളത് ഒട്ടും ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad]

അതിനാൽ ന്യായാന്യായങ്ങളെപ്പറ്റി നല്ലപോലെ ആലോചിച്ചു പ്രവർത്തിച്ചുവരുന്ന ഈ കൌൺസിൽ ഈ സംഗതിയെപ്പറ്റിയും ഗാഢമായി ചിന്തിച്ചു ആവശ്യമില്ലാതെ ജന്മിമാരുടെമേൽ ഈ ഭാരം വലിച്ചു വയ്ക്കുകയില്ല എന്ന വിശ്വാസത്തോടുകൂടി ഞാൻ ഈ ഭേദഗതിയെ എതിർത്തുകൊള്ളുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Sir, I beg leave to point out that if this amendment is carried, Mr. Tuppan Namputiripad would not get an opportunity to move his amendment. If he wants to make any observations in support of his proposal, he must speak now. Otherwise, he may not get any opportunity to speak on his amendment at all.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): If this is carried, does it not *ipso facto* show that the House is not in favour of the increased rate.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): But he must be given an opportunity to explain his position.

മി. തുപ്പൻ നമ്പൂതിരിപ്പാടിന്റെ അമൻറുമെൻറിനെപ്പറ്റിയുള്ള വാദങ്ങൾ ഒന്നും പ്രസ്താവിച്ചിട്ടില്ല. സർ, ഇപ്പോൾ വാദപ്രതിവാദത്തിലിരിക്കുന്ന അമൻറുമെൻറ് അംഗീകരിച്ചുകഴിഞ്ഞാൽ പിന്നീടു മി. തുപ്പൻനമ്പൂതിരിപ്പാടിന്റെ അമൻറുമെൻറിനെപ്പറ്റിയുള്ള വാദങ്ങൾ പറയുവാൻ അവസരം കിട്ടുന്നതല്ല. അതിനാൽ മി. നമ്പൂതിരിപ്പാടിനു വല്ലതും പറയാനുണ്ടെങ്കിൽ ഇപ്പോൾ പറയുന്നതായിരിക്കും നല്ലതു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): മൂന്നാം സെക്ഷനിൽ രണ്ടാംക്ലാസിൽ ഏഴു ശതമാനം എന്നുള്ളതിനുപകരം വ ഫ/൯ ശതമാനം എന്നാക്കണമെന്നുള്ള ഭേദഗതി ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു. ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരുന്നതിനുള്ള ന്യായങ്ങൾ ഞാൻ മുൻപു പ്രതിവാദിച്ചിട്ടുള്ളതുതന്നെയാണു്. ഏഴു ശതമാനം അഞ്ചുശതമാനം ആക്കണമെന്നുള്ള ഭേദഗതിയെ എതിർക്കുകയാണു ഞാൻ ആദ്യംചെയ്തതു്. അതു വ ഫ/൯ ശതമാനമാക്കണമെന്നാണു് എന്റെ ഇപ്പോഴത്തെ ഭേദഗതി. ഫ൨ കൊല്ലം കൊണ്ടു് ഞങ്ങൾക്കു് ഫ൨ രൂപാ കിട്ടാനുള്ളതു് ഇരുപത്തിഏട്ടോ മുപ്പത്തിആറോ രൂപായായി കിട്ടണമെന്നു പറഞ്ഞിരുന്നാൽ ജന്മി അനീതിക്കാരനാണെന്നുള്ള ഒരു കുറ്റാരോപണം കൊണ്ടുവരാമായിരുന്നു. ഇവിടെ അങ്ങനെ ഒന്നും പറയുന്നില്ല. ഫ൨–ാമത്തെ കൊല്ലത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അവസാനത്തിൽ ഞങ്ങൾക്കു കിട്ടേണ്ട രൂപാ ഈ ശതമാനക്കണക്കനുസരിച്ചു വീതിച്ചു ഞങ്ങൾക്കു കിട്ടിയാൽ മതി; കൂടുതലായി കിട്ടേണ്ട ആവശ്യമില്ല. ഈ കണക്കനുസരിച്ചു ഫർ കൊല്ലംകൊണ്ടു ഞങ്ങൾക്കു ൻന്ന ശതമാനം കിട്ടുന്നു. ശേഷം ഞങ്ങൾ കുടിയാന്മാക്കു സൌജന്യമായി വിട്ടുകൊടുക്കാൻ തയാറാണു്. കുടിയാന്മാക്കു ഒന്നിച്ചു ഫർ കൊല്ലംകഴിഞ്ഞു കൊടുക്കുന്നതു ബുദ്ധിമുട്ടാണു് എന്നു പറഞ്ഞതുകൊണ്ടു, ഞങ്ങൾക്കു് ഒന്നിച്ചു കിട്ടുന്നതാണു സൌകര്യമെങ്കിലും, കുടിയാന്മാരുടെ രക്ഷാമാത്രത്തെക്കരുതി മാത്രം ഈ ഭാഗം ഞങ്ങൾ സമ്മതിച്ചിട്ടുള്ളതാണു്. എന്നാൽ അതു ഞങ്ങളെ നഷ്ടപ്പെടുത്താത്ത വിധത്തിൽ ഉപയോഗിക്കേണ്ടതല്ലെ?

MR. A. S. DAMODARAN ASAN (*Maveilikara cum Kartikapalli*): രൂ ശതമാനം ആണ്ടുതോറും വാങ്ങി ജന്മി എന്തുചെയ്യാൻപോകുന്നു?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഞങ്ങൾ അതു പലിശക്കു കൊടുക്കയൊ സൂക്ഷിക്കയൊ ചെയ്യുന്നില്ല. നേരെമറിച്ചു, നിത്യാവശ്യത്തിനുപയോഗമുള്ള ഉപ്പൊ, മുളകൊ അല്ലെങ്കിൽ പുകയിലയൊ മറ്റൊ വാങ്ങിക്കാനായി ഉപയോഗപ്പെടുത്തുകയാണു ചെയ്യുന്നതു്.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): ഭൂരിപക്ഷം ജന്മിമാരും കടം വാങ്ങി കഴിക്കുന്നവരാണെന്നാണല്ലൊ മെമ്പർ തന്നെ പറഞ്ഞതു്. ആ സ്ഥിതിക്കു ജന്മിമാക്കു കൊല്ലംതോറും രൂപാവീതം കിട്ടുന്നതു കൂടുച്ചു കടംവാങ്ങിച്ചാൽ പോരെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): എന്നാൽഅതിന്റെ പലിശ ഞങ്ങളും തരണമെന്നു പറയുന്നതിൽ ഞങ്ങൾക്കു നഷ്ടമുണ്ടു്. കണക്കുകൊണ്ടുമാത്രം ലാഭമുണ്ടെന്നു വിചാരിക്കുന്ന ഈ സംഗതിയിൽ പലിശ ജന്മിമാക്കുവേണ്ടി ഉപേക്ഷിച്ചുകൊടുക്കുന്നതിൽ നിങ്ങൾക്കെന്താണു സങ്കടം എന്നുള്ളതു് എനിക്കു മനസ്സിലാകുന്നില്ല. കുടിയാനവൻ ഒന്നിച്ചുതന്നെ തരണമെന്നുള്ള ബുദ്ധിമുട്ടു ഞങ്ങൾ കൂടുച്ചുകഴിഞ്ഞു. സൌഹാർദ്ദതയ്ക്കുവേണ്ടി മാത്രമാണു് അങ്ങനെ ഞങ്ങൾ സമ്മതിച്ചതു്. എന്നാൽ വലുതായ നഷ്ടം സഹിച്ചു സൌഹാർദ്ദത ഉണ്ടാക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. നഷ്ടമില്ലാത്ത സഹായങ്ങൾ മാത്രമെ ആശിക്കാവു. എന്റെ ഭേദഗതി അനീതിയായിട്ടുള്ളതാണെന്നു കൌൺസിലിനു തോന്നുകയാണെങ്കിൽ അതു പിൻവലിക്കാൻ ഞാൻ തയ്യാറാണു്. ജന്മിഭാഗത്തുനിന്നും അനേകം സംഗതികൾ വിട്ടുകൊടുത്താണു് ഈ സൌഹാർദ്ദത ഉണ്ടായതു് എന്നു ഈ കൌൺസിലിലെ ഓരൊ മെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad.]

മ്പർമാരുടെയും മനസ്സാക്ഷി സമ്മതിക്കുമെന്നാണു ഞാൻ വിശ്വസിക്കുന്നതു്. ജന്മിക്കു് ഈ ഒരു ചെറിയ അവകാശംമാത്രമെയുള്ളു. അതിലും ഒരംശംകൂടി കുറയ്ക്കുന്നതു വലിയ കഷ്ടമാണു്. ജന്മിമാരുടെയിടയിൽ ധാരാളം സ്വത്തുള്ളതായി ഒരു അഷ്ടവൂർ നമ്പൂതിരിയൊ അല്ലെങ്കിൽ ഒരു പന്നനമ്പൂതിരിയൊ മാത്രമെ കാണുകയുള്ളു. ശേഷമുള്ള ജന്മിമാരെല്ലാം വളരെ സാധുക്കളാണു്. ജന്മിമാരെല്ലാം വലിയ ആളുകളാണു് എന്നൊരു ധാരണ സാമാന്യമായുണ്ടു്. എന്നാൽ അതിന്റെ യാഥാർത്ഥ്യം അങ്ങനെയല്ല.

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): കൊല്ലത്തിരിക്കുന്ന ശങ്കരൻനായർ ആരുടെ കായ്മസ്ഥനാണു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): അഷ്ടവൂർ നമ്പൂതിരിയുടെ കായ്മസ്ഥനാണെന്നാണു് എന്റെ അറിവു്. അങ്ങനെയുള്ള ജന്മിമാർ കൈവിരലിൽ എണ്ണാനെയുള്ളു.

MR. TARIATU KUNJITOMMAN (*Commerce and Industry, North*): കുടിയാന്മാരുടെയിടയിലും അങ്ങനെയുള്ളവർ വളരെ കുറച്ചേയുള്ളു എന്നറിയാമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മിമാരുടെയും കുടിയാന്മാരുടെയും ഇടയിൽ ഭ്രിപക്ഷവും സാധുക്കൾ തന്നെയാണുള്ളതു്. പന്ത്രണ്ടാംകൊല്ലത്തിൽ കൊടുക്കേണ്ടതായിട്ടുള്ള തുക പന്ത്രണ്ടായി വീതിച്ചുകൊടുക്കുകയെന്നുള്ള സംഗതി നിയമവിദഗ്ദ്ധന്മാരായ നമ്മെപോലുള്ള ആളുകൾക്കു പറയാമെന്നല്ലാതെ യഥാർത്ഥത്തിൽ അങ്ങനെ കൊടുക്കുന്ന കുടിയാനൊ, അങ്ങനെ വാങ്ങിക്കുന്ന ജന്മിയൊ കാണുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരു പക്ഷെ ഇതിൽ കുടിയാനു രക്ഷ കിട്ടിയേക്കാം. മിസ്റ്റർ കൃഷ്ണൻനായരുടെ ഭേദഗതിയനുസരിച്ചു ൫,൦൦൦ രൂപാ കിട്ടേണ്ട ജന്മിക്കു ൧൦൦ രൂപായെ കിട്ടുന്നുള്ളു. ഇതു വളരെ തുച്ഛമായ ഒരുസംഖ്യ അല്ലെ. എന്നാൽ പത്തു കുടിയാന്മാർ ജന്മിക്കുകൊടുക്കുമ്പോൾ വലുതായ ഒരു തുക ജന്മിക്കു കിട്ടുന്നില്ലെ എന്നു ചോദിക്കുകയുണ്ടായി. ജന്മി ഇതുനിമിത്തം എന്തു നഷ്ടങ്ങൾ സഹിക്കേണ്ടിവരുന്നു. കുടിയാന്മാക്കും ആണ്ടുതോറും കൊടുക്കുകയെന്നതു കുറച്ചു ബുദ്ധിമുട്ടുള്ള ഒരു സംഗതിതാണു്. ഇങ്ങനെ കുടിയാന്മാർക്കു ബുദ്ധിമുട്ടായ സംഗതി കൌൺസിലിൽനിന്നും നിർബന്ധിപ്പിച്ചു അവരെകൊണ്ടു ചെയ്യിക്കരുതെന്നാണു് എനിക്കിവിടെ അപേക്ഷിക്കാനുള്ളതു്.

MR. A. NARAYANA PILLAI (*Vaikam*): പല ആധാരങ്ങൾപ്രകാരവും മെമ്പർ കുടിശ്ശിക ഈടാക്കാറുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ഉണ്ട്; ആരെങ്കിലും കൂടിശ്ശിക കൊണ്ടുതന്നാൽ ഞാനതു വാങ്ങിക്കാറുണ്ട്. പലിശ തരണമെന്നു ഞാൻ ഇതുവരെ ചോദിച്ചിട്ടില്ല.

MR. A. NARAYANA PILLAI (*Vaikam*): ഇങ്ങനെ കൊണ്ടുതരുന്ന തുക മുതലിൽ തട്ടിക്കഴിക്കുമോ, അതല്ല പലിശയിൽ തട്ടിക്കഴിക്കുമോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : മുതലിലാണു തട്ടിക്കഴിക്കുക. ചിലർ പലിശയിൽ തട്ടിക്കഴിച്ചു എന്നുവരാം. ജന്മിമാരുടെ ഇടയിൽ ഉദാഹരികളായവരും കുടിയാന്മാരുടെ ഇടയിൽ കള്ളപ്പറ ചിട്ടിയുംമറും ഉണ്ടാക്കി ജന്മിക്കു പണംകൊടുക്കാതെ കഴിക്കുന്നതിനാ ഗ്രഹമുള്ളവരും ധാരാളമുണ്ട്.

MR. A. THANU PILLAI (*Trivandrum*): ഫ്രഞ്ചുകാരുടെ കൊല്ലത്തിൽ കിട്ടേണ്ട തുക, ആണ്ടുതോറും കൊടുക്കുന്നതു കുടിയാനവനു കുറെ സൌകര്യമാണെന്നിരുന്നാലും, എല്ലാകുടിയാനവന്മാരിൽനിന്നും ഗവണ്മെൻറു തന്നെ പിരിച്ചു രണ്ടോ മൂന്നോ തവണയായി ജന്മിക്കു തരികയാണെങ്കിൽ അതു ലാഭമല്ലെ? ആ സ്ഥിതിക്കു ജന്മി വാങ്ങിക്കുന്നതുപോലെയുള്ള ഒരു പലിശ കുടിയാനവനും കൊടുക്കുന്നതിനു എന്താണു തരക്കേട്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഗവണ്മെൻറു പിരിച്ചുതന്നാലും കുടിയാനവന്റെ കയ്യിൽ നിന്നു നേരിട്ടുവാങ്ങിച്ചാലും ഞങ്ങൾക്കു പലിശ കൂടുതൽ കൊടുക്കേണ്ടതായിട്ടുവരുന്നു. കണക്കുകൊണ്ടുമാത്രം ഇതു ലാഭമാണെന്നു കണ്ടാൽപോരാ; അനുഭവത്തിലും ലാഭമായിട്ടുതന്നെ കിട്ടണം. എന്നാൽമാത്രമെ ലാഭമാണെന്നു വിചാരിക്കാവു.

MR. A. THANU PILLAI (*Trivandrum*). ഒരു ജന്മിക്കു ഫ്രഞ്ചു കുടിയാന്മാരുണ്ട്. ഈ നിയമം നടപ്പിൽ വന്നില്ലെങ്കിൽ ഓരൊ കുടിയാനും ഓരൊ ആണ്ടിൽ അവകാശമുതരും. അപ്പോൾ ജന്മിക്കു ഒരാണ്ടിൽ ൧൦൦ രൂപാ കിട്ടുന്നു. ഈ നിയമം പാസായാലും ഈ ഫ്രഞ്ചു കുടിയാന്മാരും കുടി ജന്മിക്കു ഈ തുക തരുന്നുണ്ടല്ലൊ. ആസ്ഥിതിക്കു ജന്മിക്കു നഷ്ടം എവിടെനിന്നുവരുന്നു?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ജന്മി ഈ ഏർപ്പാടു സമ്മതിച്ചതു മറ്റു പല അവകാശങ്ങളും ഉപേക്ഷിച്ചിട്ടാണ് എന്നുള്ളതു കൂടി ഈ അവസരത്തിൽ വിസ്മരിക്കരുതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Commerce and Industry, North*): സകലഅവകാശങ്ങളും കൂട്ടി ആണ്ടുതോറും വീതിച്ചു തരികയെന്നാണല്ലൊ തീരുമാനപ്പെടുത്തിയതു്. പിന്നെ ജന്മിമാർക്കെന്തവകാശമാണു് ഉപേക്ഷിച്ചതു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) അതു് ഈ അവസരത്തിൽ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

MR. S. KRISHNA PILLAI (*Karunagapalli*) : ആണ്ടോടാണ്ടു് കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നതായ പൊളിച്ചെഴുത്തവകാശം ഗവണ്മെന്റിനാ അല്ലെങ്കിൽ മറ്റാരെങ്കിലുമൊ പിരിച്ചെടുത്തു ഫൈനാം കൊല്ലം പലിശ കൂട്ടി ജന്മിക്കു തന്നുകൊള്ളാമെന്നു വ്യവസ്ഥചെയ്താൽ മതിയാകുമൊ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) പലിശ കൂട്ടിതരേണ്ട. ഫൈനാം കൊല്ലത്തിൽ മുതൽ മാത്രം കിട്ടിയാൽമതി. ഞങ്ങൾക്കതു സമ്മതമാണ്.

അതിനാൽ ജന്മി ആവശ്യപ്പെടാത്ത പുമതല വഹിച്ചതിനു ജന്മിയെ നഷ്ടപ്പെടുത്തരുതെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഭേദഗതിയെ സഭാ സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

The House adjourned for lunch at 2-20 P. M. and reassembled at 8-10 P. M.

